# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ T 2684

10.07.15 ലെ
മറുപടിക്ക്

## പ്ലാനിംഗ് കമ്മീഷൻ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രസർക്കാർ പ്ലാനിംഗ് കമ്മീഷൻ പുന:സംഘടിപ്പിച്ചത് സംസ്ഥാന സർക്കാരിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | എ) പ്ലാനിംഗ് കമ്മീഷൻ വേണ്ടത്ര മുന്നൊരുക്കങ്ങൾ ഇല്ലാതെയും പകരം ഉള്ള സംവിധാനത്തെപ്പറ്റി വ്യക്തമായ രൂപം ഇല്ലാതെയും പിരിച്ചുവിടാൻ തീരുമാനിച്ചതു ആസൂത്രണസംവിധാനത്തിനെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പകരം നിർദ്ദേശിക്കപ്പെട്ട നീതി ആയോഗിന്റെ പ്രവർത്തനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തത ഉണ്ടാകാത്തതും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാത്തതും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. |
| ബി) നീതി ആയോഗിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ബാധിക്കാതിരിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ? | ബി) 2015-16 വാർഷിക പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ വിവിധ വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

Bijumon
സെക്ഷൻ ഓഫീസർ